ഉത്തരം

(എ) ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണം, അറ്റകുറ്റപണി എന്നിവയ്ക്കായി സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും സഹായധനം നൽകുന്നുണ്ട്. തുക നൽകിയ ക്ഷേത്രങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) ജീർണ്ണോദ്ധാരണം/അറ്റകുറ്റപ്പണി എന്നിവയ്ക്ക് ഗ്രാന്റ് നൽകുന്നത് ഇതിനായി സർക്കാർ രൂപവൽക്കരിക്കുന്ന ഗ്രാന്റ് വിതരണ കമ്മിറ്റിയുടെ നിർദ്ദേശം അനുസരിച്ചാണ്. വരുമാനമില്ലാത്ത ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുവേണ്ടി വരുന്ന സംഖ്യയുടെ 30% ക്ഷേത്ര ഫണ്ടിൽനിന്നും, ബാക്കി 70% സർക്കാർ ഇതിനായി നൽകുന്ന ഗ്രാന്റിൽനിന്നും വഹിക്കുന്നു.

കാർഷിക രംഗത്ത് ബയോടെക്നോളജിയുടെ പ്രയോഗം

57 (2505) ശ്രീ. എ. സുജനപാൽ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. അച്ചുതൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോളവൽക്കരണത്തിന്റെ വെളിച്ചത്തിൽ കാർഷിക മേഖലയെ ഏതെല്ലാം വിധത്തിൽ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്തുമോ ;

(ബി) കാർഷിക രംഗത്ത് ബയോടെക്നോളജിയുടെ പ്രയോഗത്തെപ്പറ്റി പഠിച്ച് റിപ്പോർട്ട് ചെയ്യുവാൻ ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ആഗോളവൽക്കരണത്തിന്റെ വെളിച്ചത്തിൽ കാർഷിക മേഖലയെ നവീകരിക്കുവാൻ എം. എസ്. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

1. പച്ചക്കറികൾ, ഏത്തയ്ക്കാ, കൈതച്ചക്ക, ഉപ്പേരി എന്നീ ഉല്പന്നങ്ങളുടെ കയറ്റുമതിക്കായി തിരുവനന്തപുരം മുതൽ പാലക്കാടു വരെ വ്യാപിച്ചുകിടക്കുന്ന സംസ്ഥാനത്തെ 9 ജില്ലകളിൽ അഗ്രികൾച്ചർ എക്സ്പോർട്ട് സോൺ സ്ഥാപിക്കുന്നതിനു ഈ സാമ്പത്തികവർഷം 287 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

2. സംസ്ഥാനത്ത് തോട്ടവിളകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ചു പരിഹാരമാർഗ്ഗം നൽകുന്നതിനായി സംസ്ഥാനതലത്തിൽ പ്ലാന്റേഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

3. ഔഷധസസ്യനഴ്സറി സ്ഥാപിക്കൽ, ടിഷ്യൂകൾച്ചറിംഗ്, പശ്ചാത്തലസൗകര്യം, ഔഷധസസ്യങ്ങളുടെ വിപണനം, ഡോക്യുമെന്റേഷൻ മുതലായവയ്ക്കായി സൈലന്റ് വാലി ബയോഗ്ഫിയർ ഒരു ഹെർബൽ ബയോവാലിയായി വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടി 10 ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4. 'ജ്യോഗ്രാഫിക്കൽ ഇൻഡിക്കേഷൻസ്' അനുസരിച്ച് അർഹമായ സാധനങ്ങൾക്ക് സംസ്ഥാനത്ത് സുരക്ഷ ലഭിക്കുന്നതിന് 'ട്രിപ്പ്സി'ന്റെ വ്യവസ്ഥകൾ ഉപയോഗപ്പെടുത്തേണ്ടതാണ്. ഐ.പി.ആർ.പ്രകാരം സുരക്ഷ ലഭിക്കുന്നതിനു കേരളത്തിലെ ഉല്പന്നങ്ങളുടെ ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻസ് തിരിച്ചറിയേണ്ടതിലേക്കായി 9.99 ലക്ഷം രൂപ നിശ്ചയിച്ചിട്ടുണ്ട്.

5. ഏറ്റവും പുതിയ വാർത്താവിനിമയ ഉപാധികൾ മുഖേന കാലോചിതമായ വിവരങ്ങൾ, കർഷകർ, കാർഷികോപകരണങ്ങളുടെ വിപണനം, കയറ്റുമതി, ഗവേഷകർ തുടങ്ങിയ ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കുന്നതിനു അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെടുത്തി ഒരു വെർച്ചൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) ഉണ്ട്. സർക്കാർ ഉത്തരവു (എംഎസ്.) നം. 33/2002 തീയതി 28-2-2002 പ്രകാരം ഡോക്ടർ. വി. എൽ. ചോപ്ര ചെയർമാനും കാർഷികോല്പാദന കമ്മീഷണർ കൺവീനറുമായി ഒരു ഉന്നതതല കമ്മിറ്റിയെ സർക്കാർ നിയമിച്ചു. പിന്നീട് സർക്കാർ ഉത്തരവു (എംഎസ്.) 244/02/കൃഷി തീയതി 31-12-2002 പ്രകാരം ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് ഡയറക്ടർ ഡോ. വി. എ. പാർത്ഥസാരഥിയെക്കൂടി കമ്മിറ്റിയിലേക്ക് കോഓപ്റ്റ് ചെയ്തു. ഇപ്രകാരം 10 അംഗങ്ങളാണ് കമ്മിറ്റിയിലുള്ളത്. ജൈവസങ്കേതിക, വിവര സാങ്കേതിക വിദ്യകൾ കേരളത്തിന്റെ കാർഷികരംഗത്ത് ഉപയോഗപ്പെടുത്തുന്നതിന് ഒരു നയം രൂപീകരിക്കുന്നതിനുവേണ്ടി അത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിലേക്കായിട്ടാണ് കമ്മിറ്റിയെ നിയോഗിച്ചത്. 2003 മെയ് മാസം പ്രസ്തുത കമ്മിറ്റി സർക്കാരിന് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പഠിച്ചുവരുന്നു. നേരത്തെ വിജ്ഞാനവ്യാപനത്തിന് ശ്രീ. കെ. പി. പി. നമ്പ്യാർ അദ്ധ്യക്ഷനായ സബ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കിസാൻ സ്കീം നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly